# വിവാദവും സംവാദവും

എം. എൻ. കാരശ്ശേരി



വിവാദവും സംവാദവും

എം. എൻ. കാരശ്ശേരി
(മലയാളം: ലേഖനം)

© 2025, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Local man by the fountain in Bakhchisaray, a painting by Jan Ciągliński (1858–1912). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# വിവാദവും സംവാദവും


തമാശതന്നെ: വിവാദങ്ങളെ അടച്ചാക്ഷേപിച്ചുകൊണ്ട് പി. സോമനാഥൻ എഴുതിയ "വിവാദവായനയിലൂടെ ഒരു വിരേചനം" എന്ന ലേഖനവും (മാതൃഭൂമി വാരാന്തപ്പതിപ്പ്: 1995 ജൂലായ് 23) ഒരു 'വിവാദ'ത്തിന് വഴി മരുന്നിടുകയാണ്.

തൊട്ടതെന്തും വിവാദമായിത്തീരുമ്പോൾ വായനക്കാരന്റെ ചിന്തകളെ ഉണർത്തി നശിപ്പിക്കുന്ന വിരേചനചികിത്സയിലൂടെ സാമൂഹ്യദുരന്തം ഉരുവം കൊള്ളുന്നു എന്നാണ് ലേഖകന്റെ പരാതി. നമ്മുടെ നാട്ടിലെ സവിശേഷപരിസരത്തിൽ ഭാഗികമായി അങ്ങനെയൊരു സാഹചര്യം ഉണ്ടായിത്തീരാം. എങ്കിലും സംഗതി മുഴുക്കെ അങ്ങനെയാണ് എന്നു പറയുന്നത് നീതിയല്ല. മാത്രമല്ല, ആ വഴിക്കുള്ള വിവാദവിരുദ്ധമായ ആലോചന ഒരർത്ഥത്തിൽ ജനാധിപത്യവിരുദ്ധവുമാണ്. കാര്യത്തിന്റെ ഭിന്നവശങ്ങളെപ്പറ്റി ആളുകൾ സ്വന്തം അഭിപ്രായം വെട്ടിത്തുറന്നുപറയുന്ന സംവാദാന്തരീക്ഷത്തിൽ മാത്രമേ സ്വാതന്ത്ര്യവും ജനാധിപത്യവും നിലനിൽക്കുകയുള്ളൂ.

ലേഖനത്തിന്റെ അടിസ്ഥാനപരമായ പിശക് ഈനാട്ടിലെ വിവാദത്തെയും സംവാദത്തെയും വകതിരിച്ചു കാണാത്തതാണ്.

'വിവാദം' എന്ന പദത്തിന് 'ശബ്ദതാരാവലി' കൊടുക്കുന്ന ചില അർഥങ്ങൾ നോക്കൂ: തർക്കം, വാദപ്രതിവാദം, വ്യവഹാരം, നിലവിളി, വഴക്ക്, വാത്. ഈ അർഥഭേദങ്ങളിലേക്ക് സൂക്ഷിച്ചുനോക്കിയാൽ മിക്കതും സൃഷ്ടിപരമല്ലെന്നു കാണാം. ഈ താല്പര്യങ്ങൾക്കെല്ലാം ശരിക്കും ഇണങ്ങുന്ന തർക്കങ്ങൾ മലയാളത്തിൽ പതിവുണ്ട്. സ്വന്തം പക്ഷം സ്ഥാപിക്കാനോ, യുക്തിയിലൂടെ പുകമറ സൃഷ്ടിക്കാനോ ഒക്കെ ഉദ്ദേശിച്ച് നടത്തുന്നവ. അവനവന്റെ പക്ഷപാതത്തിൽ കടിച്ചുതൂങ്ങുകയും മറ്റുള്ളവർ പറയുന്നത് മനസ്സിലാക്കാതിരിക്കാൻ ശാഠ്യം പിടിക്കുകയും ചെയ്യുന്നവരുടെ ഈ കണ്ഠക്ഷോഭമാണ് വിവാദം. കേരളത്തിലെ രാഷ്ട്രീയവേദികളിൽ മിക്കപ്പോഴും കണ്ടുവരുന്നത് ഇതാകുന്നു. ഇത് ആയുസ്സിന്റെ ദുർവ്യയം തന്നെ.

'സംവാദം' വ്യത്യസ്തമാണ്. ആ വാക്കിന് ശബ്ദതാരാവലി കൊടുക്കുന്ന ചില അർഥങ്ങൾ പറയാം: വാങ്മൂലകമായ അറിയിപ്പ്, സംഭാഷണം, ചർച്ച, സമ്മതം, വാർത്ത, വാർത്താനിവേദനം, ഈ അർഥഭേദങ്ങൾ ശ്രദ്ധിച്ചാൽ മിക്കതും സൃഷ്ടിപരമാണെന്ന് വ്യക്തമാകും. ഇത്തരം സൃഷ്ടിപരമായ ചർച്ചകൾ മലയാളത്തിൽ ധാരാളമായി നടന്നിട്ടുണ്ട്; നടക്കുന്നുണ്ട്. സ്വന്തം പക്ഷം അന്യന് മനസ്സിലാക്കിക്കൊടുക്കുവാനെന്നപോലെ, അന്യന്റെ പക്ഷം അന്യന് മനസ്സിലാക്കുവാൻകൂടിയാണ് ഒരാൾ സംവാദത്തിലേർപ്പെടുന്നത്. അതിലൂടെ സ്വന്തം നിലപാട് കുറേക്കൂടി വിശദമായി അവനവന് തന്നെ ബോധ്യമാകും; കൂട്ടത്തിൽ അന്യന്റേതും. ചിലപ്പോൾ കൂടുതൽ ശരി മറുവശത്താണ് എന്ന് ബോധ്യപ്പെടാം; മറ്റുചിലപ്പോൾ യാഥാർഥ്യം കിടക്കുന്നത് മുഖാമുഖം നിൽക്കുന്ന ഈ രണ്ട് നിലപാടുകളിലുമല്ല, മൂന്നാമതൊരിടത്താണ് എന്ന് തെളിഞ്ഞ് കിട്ടാം; ഇനിയും ഒരവസരത്തിൽ അവനവന് സത്യമെന്നു തോന്നിയ ചില സംഗതികൾ അർധസത്യം മാത്രമായിരുന്നു എന്നു തീർച്ചവരാം. ഇത്തരം വർത്തമാനങ്ങളെയാണ് നാട്ടുകാർ 'ചർച്ച' എന്നു വിളിക്കുന്നത്. കലാസാഹിത്യരംഗങ്ങളിലും സാംസ്കാരിക വേദികളിലുമൊക്കെ മിക്കവാറും നടക്കുന്നത് ഈ 'സംവാദ'മാണ്. ഇത് ജനാധിപത്യത്തിന്റെയും സാമൂഹ്യപരിഷ്കരണത്തിന്റെയും ചാലകശക്തിയാകുന്നു.




കെ. എൻ. രാജ്

സംവാദത്തിന് ഉദാഹരണം നമ്മുടെ ചരിത്രത്തിൽ പലതുണ്ട്. വൈക്കം സത്യാഗ്രഹകാലത്തും (1924) ഗുരുവായൂർ സത്യാഗ്രഹകാലത്തും (1931) ജാതിപ്രശ്നത്തെക്കുറിച്ച് നടന്ന ചർച്ചകൾ ഓർത്തുനോക്കുക. ആ കെടുതിയെപ്പറ്റി സമൂഹത്തിൽ ബോധവൽക്കരണം നടത്താൻ അവ ശരിക്കും സഹായിച്ചു. 1940-കളിൽ സാഹിത്യരംഗത്ത് കൊണ്ടുപിടിച്ചുനടന്ന പുരോഗമനസാഹിത്യചർച്ചകൾ വേറെ ഉദാഹരണം. അന്ന് പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ ഏറ്റവും വലിയ എതിരാളിയായിരുന്ന കുട്ടികൃഷ്ണമാരാര് സാഹിത്യത്തെ സംബന്ധിച്ച പല ഉൾക്കാഴ്ചകളും തനിക്കുലഭിച്ചത് ആ വാദപ്രതിവാദങ്ങളിൽനിന്നാണെന്ന് പിൽക്കാലത്ത് രേഖപ്പെടുത്തിയിട്ടുണ്ട്.

അടുത്തകാലത്തെ ചില സംഭവങ്ങൾ നോക്കൂ— ഡോ. കെ. എൻ. രാജ് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ഒരു ദശകം മുൻപ് കമ്യൂണിസത്തെ സംബന്ധിച്ച് തുടങ്ങിവെച്ച ചർച്ച ഇനിയും ഫലത്തിൽ അവസാനിച്ചിട്ടില്ല. യു. എസ്. എസ്. ആറിന്റെ തകർച്ചയോടെ അതു കൊഴുത്തു. കമ്യൂണിസംപോലെ അഗാധവും സങ്കീർണവുമായ ഒരു വിഷയത്തിന്റെ ഭിന്നവശങ്ങളിലേക്ക് കടന്നുചെല്ലാൻ മലയാളിയെ ഈ ചർച്ചകൾ ഒരുപാട് സഹായിച്ചിട്ടുണ്ട്.

ഷാബാനുകേസ്സിന്റെ കാലത്താണ് (1985) 'ശരീഅത്ത് സംവാദം' മലയാളത്തിൽ വ്യാപകമായി ആരംഭിച്ചത്. ഇന്ത്യയിൽ നിലനിൽക്കുന്ന മുസ്ലിം വ്യക്തിനിയമത്തിന്റെ ഉള്ളറകൾ ഇവിടത്തെ അമുസ്ലീങ്ങൾക്കെന്നല്ല, മുസ്ലീങ്ങൾക്കുതന്നെയും ഒട്ടൊക്കെ തുറന്നുകിട്ടിയത് ആ വാദപ്രതിവാദങ്ങളിലൂടെയാണ്. യാഥാർത്ഥ മുസ്ലിംനിയമത്തിന്റെ സത്തയ്ക്ക് തീർത്തും വിരുദ്ധമാവുന്ന തരത്തിൽ മതശാസനകൾ ദുരുപയോഗം ചെയ്യപ്പെടുന്നുണ്ട് എന്ന വസ്തുത കേരളീയമുസ്ലീങ്ങളെ ബോധ്യപ്പെടുത്താൻ മാത്രം ആ സംവാദം ശക്തമായിരുന്നു. ക്രിയാത്മകമായിരുന്നു. അതിന്റെ ചില സദ്ഫലങ്ങൾ ഇവിടത്തെ മുസ്ലീംസമൂഹത്തിൽ കാണാനുണ്ട് എന്ന വിശ്വാസക്കാരനാണ് ഞാൻ. അന്ന് വ്യക്തിനിയമപരിഷ്ക്കാരങ്ങളെ എതിർത്ത പാരമ്പര്യവാദികളായ പല പ്രശസ്ത വ്യക്തികളും, ഏകസിവിൽകോഡ് വേണ്ട, വ്യക്തിനിയമപരിഷ്ക്കാരം മതി എന്നു പറഞ്ഞു തുടങ്ങിയതുതന്നെ തെളിവ്.



ജോസഫ് മുണ്ടശ്ശേരി

കേസരി ബാലകൃഷ്ണപിള്ള, കുട്ടികൃഷ്ണമാരാര്, ജോസഫ് മുണ്ടശ്ശേരി തുടങ്ങിയ വിമർശകർ പലകാലത്തായി ഉയർത്തിവിട്ട വാദപ്രതിവാദങ്ങളിലൂടെയാണ് നമ്മുടെ സാഹിത്യവിമർശനം തന്റേടം ആർജിച്ചത്.

'വിവാദ'ത്തെയും 'സംവാദ'ത്തെയും ഈ തരത്തിൽ വകതിരിച്ചുകാണണം. പത്രങ്ങളും എഴുത്തുകാരും ചിലപ്പോൾ ഈ പദങ്ങൾ പര്യായങ്ങളായി ഉപയോഗിച്ചുപോരുന്നതിനാലാവാം ലേഖകന് 'സംവാദം' എന്ന വേറെ ഒരിനം ഉണ്ട് എന്നൊരു ആലോചനയേ ചെല്ലാതിരുന്നത്. ഏത് വിവാദവും സംവാദമാക്കാൻ ഉത്സാഹിക്കുകയാണ് നാം വേണ്ടത്.

വാദപ്രതിവാദങ്ങളുടെ 'തീർപ്പി'നെപ്പറ്റിയും 'ഫല'ത്തെപ്പറ്റിയും ലേഖകൻ ആധിപ്പെടുന്നു. ലേഖകൻ കരുതുംപോലെ ചർച്ചകളിൽ തീർപ്പെടുക്കേണ്ടത് അതിൽ പങ്കെടുക്കുന്നവരോ, അതിന് വേദിയൊരുക്കുന്ന പത്രമോ അല്ല; മറിച്ച് വായനക്കാരനാണ്. തന്നെ പ്രത്യക്ഷമായോ പരോക്ഷമായോ ബാധിക്കുന്ന ഒരു കാര്യത്തിൽ എല്ലാ വശവും ആലോചിച്ച് സ്വന്തമായി അയാൾതന്നെ തീർപ്പിലെത്തണം. അതിനെയാണ് ജനാധിപത്യം എന്നു വിളിക്കുന്നത്. ഏതെങ്കിലും പണ്ഡിതനോ, പുരോഹിതനോ, എഴുത്തുകാരനോ, പത്രപ്രവർത്തകനോ അയാൾക്ക് തീർപ്പ് വിളമ്പിക്കൊടുക്കുന്നത് ദഹനക്കേടിനും അതിസാരത്തിനും വഴിവെക്കും.

സംവാദമോ വിവാദമോ ഇല്ലാതെ 'നാവടക്കുന്ന' ഒരവസ്ഥയെക്കാൾ വിവാദമെങ്കിലും നടക്കുന്നത് നന്ന് എന്നു ഞാൻ വിചാരിക്കുന്നു. അത്, നാവ് ഭക്ഷണം കഴിക്കാനെന്നതുപോലെ, വർത്തമാനം പറയാനും ഉള്ളതാണ് എന്ന് ജനങ്ങൾ മറന്നുപോകാതിരിക്കാൻ ഉപകരിച്ചേക്കും; ബഹുജനാഭിപ്രായരൂപീകരണത്തിനും സാമൂഹ്യജാഗ്രതയ്ക്കും സഹായിച്ചേക്കും.

പിൻകുറിപ്പ്: നിങ്ങൾ ഇപ്പോൾ വായിച്ചുതീർത്തത് ഒരു സംവാദക്കുറിപ്പാണ്, വിവാദക്കുറിപ്പല്ല!

മാതൃഭൂമി വാരാന്തപ്പതിപ്പ്: 6 ആഗസ്റ്റ് 1995.

□

## എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്ലി, മുഹമ്മദ് ഹാരിസ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014